(സി) 8 കേസുകളിൻമേൽ പ്രതികളെ അറസ്റ്റു ചെയ്യാനും കൂടുതൽ പ്രതികളെ തിരിച്ചറിഞ്ഞും അറസ്റ്റു ചെയ്യുവാനും ബാക്കിയുണ്ട്. നാലു കേസുകളിൻമേൽ കൂടുതൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്.

(ഡി) 51 കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

പെൺവാണിഭ കേസുകളുടെ വിചാരണ

99 [54] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നുശേഷം 2005 മേയ് 31 വരെയുള്ള കാലയളവിൽ എത്ര പെൺവാണിഭക്കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്;

(ഇ) എത്ര കേസുകൾ ഇപ്പോഴും വിവിധ കോടതികളിലായി വിചാരണ തുടരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) 52 കേസുകൾ.

(ബി) 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 52 കേസുകളിലായി 299 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) പ്രതികളെ ശിക്ഷിച്ചിട്ടില്ല.

(ഇ) 38 കേസുകൾ.

പെൺവാണിഭക്കേസ് അന്വേഷണത്തിന് പ്രത്യേക പോലീസ് സംവിധാനം

100 [55] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് അറിയിക്കുമോ;

(ഡി) പെൺവാണിഭ സംഘത്തെക്കുറിച്ച് അന്വേഷിക്കാൻ പോലീസ് സേനയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 38 കേസുകൾ.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പി. എസ്. ക്രൈം 364/2005, പൂജപ്പുര പി. എസ്. ക്രൈം 83/2004, നെടുമങ്ങാട് പി. എസ്. ക്രൈം 186/2003, കൊട്ടിയം പി. എസ്. ക്രൈം 197/2004, പരവൂർ പി. എസ്. ക്രൈം 364/2004, ഗുരുവായൂർ പി. എസ്. ക്രൈം 334/2004, എടക്കര പി. എസ്. ക്രൈം 217/2004, നടക്കാവ് പി. എസ്. ക്രൈം 420/2002, നടക്കാവ് പി. എസ്. ക്രൈം 486/2002, കോഴിക്കോട് പി. എസ്. ക്രൈം 29/2002, കോഴിക്കോട് വനിതാ പി. എസ്. 18/2003 എന്നീ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം (ഡി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ബലാത്സംഗകേസുകൾ

101 [56] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാൽസംഗം ചെയ്തതുമായി ബന്ധപ്പെട്ട് 2001 മേയ് മുതൽ 2005 മേയ് 31 വരെ പോലീസിന് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ പരാതികളിൻമേൽ പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ നേർക്കുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly